കായൽ, തടാകങ്ങൾ, ചതുപ്പുകൾ എന്നിവ കയ്യേറിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ

294 (3928) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ കായൽ, തടാകങ്ങൾ, ചതുപ്പുകൾ എന്നിവ കയ്യേറി വൻ തോതിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതുമൂലം ഉണ്ടായിട്ടുള്ള പാരിസ്ഥിതിക പ്രശ്നങ്ങളെ കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഏത് ഏജൻസിയാണ് പഠനം നടത്തിയത് ; കണ്ടെത്തലുകൾ എന്തെല്ലാമായിരുന്നുവെന്ന് അറിയിക്കാമോ ?

ഉത്തരം

പരിസ്ഥിതി വകുപ്പ് പഠനം നടത്തിയിട്ടില്ല.

മംഗളവനം പക്ഷി സങ്കേതം

295 (3929) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം നിയോജകമണ്ഡലത്തിലെ മംഗളവനം പക്ഷി സങ്കേതത്തെ പരിസ്ഥിതി ദുർബല/ബഫർ സോൺ ആയി പ്രഖ്യാപിക്കുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) മംഗളവനം പക്ഷി സങ്കേതവുമായി ബന്ധപ്പെട്ട 8261/D2/2012, 12881/D2/2012 (വനം-വന്യജീവി വകുപ്പ്) എന്നീ ഫയലുകളുടെ പൂർണ്ണരൂപം ഇലക്ട്രോണിക്/CD/പേപ്പർ പ്രിന്റ് എന്നിവയിലേതെങ്കിലും രൂപത്തിൽ ലഭ്യമാക്കാമോ ?

ഉത്തരം

(എ) മംഗളവനം പക്ഷിസങ്കേതവും പരിസര പ്രദേശങ്ങളും പരിസ്ഥിതി ദുർബല പ്രദേശമായി പ്രഖ്യാപിക്കുന്നതിനുള്ള നിർദ്ദേശം 21-6-2013-ലെ 12881/ D2/12/F&WLD നമ്പർ കത്ത് പ്രകാരം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് നൽകിയിട്ടുണ്ട്.

(ബി) 12881/D2/12/വനം, 8261/D2/12/വനം എന്നീ ഫയലുകളുടെ പൂർണ്ണമായ പകർപ്പ് (സി.ഡി. രൂപത്തിൽ) ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly